# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1704 05.02.2019 -ലെ മറുപടിയ്ക്ക്

## ലൈബ്രേറിയന്മാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

*ചോദ്യം*
ശ്രീ.എ.പി. അനിൽ കുമാർ

*ഉത്തരം*
ശ്രീ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെയും സർക്കാർ കോളേജുകളിലെയും ലൈബ്രേറിയന്മാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) & (ബി) | ലൈബ്രേറിയൻ തസ്തിക ഉൾപ്പെടെയുള്ള സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ പി.എസ്.സി-യ്ക്ക് വിട്ടതിനോടനുബന്ധിച്ചുള്ള കരട് ചട്ടം തയ്യാറാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ ഏകീകരിച്ചുകൊണ്ട് പി.എസ്.സി. നിയമനം സാധ്യമാക്കാൻ സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു എട്ടംഗ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ ലൈബ്രേറിയന്മാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് (സ്റ്റേറ്റ് സർവ്വീസ്), സ്പെഷ്യൽ റൂൾസ് (സബോർഡിനേറ്റ് സർവ്വീസ്) എന്നിവ നിലവിലുണ്ട്. യു.ജി.സി. സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തത് മൂലം ലൈബ്രേറിയന്മാരുടെ എൻട്രി കേഡറിൽ നിയമനം തടസ്സപ്പെടുകയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറി സേവനത്തെ അത് ദോഷകരമായി ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ